**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 772** **24-08-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ആധുനികവല്ക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളെല്ലാം നിലവിൽ കമ്പ്യൂട്ടർവത്ക്കരിക്കപ്പെട്ടിട്ടുണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഭൂരിഭാഗ സേവനങ്ങളും നിലവിൽ ഓൺലൈൻ മുഖേ ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസുകളുടെ നവീകരണത്തിന്റെ ഭാഗമായി 37 സബ രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോംമ്പാക്ടറുകൾ ഉൾപ്പെടുത്തി റെക്കാർഡ് റൂമുകൾ നവീകരിക്കുകയും, സബ രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 51 കെട്ടിടങ്ങളുടെ നിർമ്മാണ പദ്ധതികൾക്കും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 100 കോടി രൂപ വകയിരുത്തിയിരുന്നു. ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട തിരുവനന്തപുരം ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിങ്ങ് പൂർത്തിയായിട്ടുള്ളതും 2005 മുതൽ 2018വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിങ്ങ് കൊല്ലം കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുള്ളതും, മറ്റ ജില്ലകളിൽ പദ്ധതി പുരോഗമിച്ച് വരികയാണ്.<br><br>രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം തുടക്കം കുറിച്ച ഡിജിറ്റൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും വളരെ പഴയതും |

| | | | | |
|---|---|---|---|---|
| | | | | പൊടിഞ്ഞുപോയതും ഒഴികെയുള്ള രജിസ്റ്റ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകണ്ടായി.<br><br>സംസ്ഥാനത്തെ സബ് രജിസ്ട്രാ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി' 2019-20 ലെ ബഡ്ജറ്റിലാണ പ്രഖ്യാപിച്ചിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതി മുഖേന തിരുവനന്തപുരം ജില്ലയിലെ എല്ലാ സബ് രജിസ്ട്രാ ആഫീസുകളിലേയും രജിസ്റ്റർ വാല്യങ്ങ (വളരെ പഴയതും പൊടിഞ്ഞു പോയതും ഒഴികെയുള്ളവ) ഡിജിറ്റൈ ചെയ്യുകയുണ്ടായി. കൊല്ലം, കോട്ടയം, ഇടുക്കി എറണാകുളം, ആലപ്പുഴ ജില്ലകളിലെ സബ രജിസ്ട്രാർ ആഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള 14 വർഷ കാലയളവിലെ രജിസ്റ്റ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയുമുണ്ടായി. കൊല്ലം, ആലപ്പുഴ കോട്ടയം, ഇടുക്കി, എറണാകുളം, ജില്ലകളിലെ 2005 -ന് മുമ്പെയുള്ള രജിസ്റ്റർ വാല്യങ്ങ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.<br><br>അടുത്ത ഘട്ടമായി തൃശ്ശൂർ, പാലക്കാട്, മലപ്പുറം കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡർ സി ഡിറ്റിന് നൽകുകയും സ്കാനിംഗ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി 2024 വർഷത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന ഉദ്ദേശിക്കുന്നു.<br><br>ആധാര പകർപ്പുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാകുന്നതോടു കൂടി റെക്കോർഡുകളുടെ സംരക്ഷണത്തോടൊപ്പം തന്നെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓഫീസിൽ നേരിട്ട് വരാതെ തന്നെ ഓൺലൈനായി അപേക്ഷകർക്ക ലഭ്യമാക്കുവാനും സാധിക്കുന്നതാണ്. വകുപ്പിന്റെ ആധുനികവല്ക്കരണവുമായി ബന്ധപ്പെട്ട ആധാരകക്ഷികളുടെ ഫോട്ടോയും വിരൽപതിപ്പും ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ